"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ സർവ്വെ നടപടികൾക്കായി 3 വാഹനം വാടകയ്ക്ക് എടുക്കുന്നതിനും RTK മെഷീൻ ഉൾപ്പെടെ 10 സർവ്വേയർമാർ, 5 ചെയിൻമാൻമാർ എന്നിവരെ ഈ ആവശ്യത്തിലേക്കായി മാത്രം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.80/2026/RD തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. 19.02.2025 ൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്
2. 16-04-2025 ലെ സ.ഉ.(കെ) നം.99/2025/RD
3. 05.07.2025 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ./8465/2021-പി. എം. 2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെട്ട വരുന്ന അഞ്ചുചങ്ങല പ്രദേശത്ത് വർഷങ്ങളായി കൈവശം വച്ച് വീട് വച്ച് താമസിച്ച് വരുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതിനായി ചേർന്ന പരാമർശം (1) ലെ യോഗ തീരുമാന പ്രകാരം പ്രസ്തുത പ്രദേശം സർവ്വെ നടത്തി ആയതിന്റെ സ്റ്റാറ്റസ് സംബന്ധിച്ച് BTR ൽ ആവശ്യമായ തിരുത്തൽ വരുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായി.

2. പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഞ്ചുചങ്ങല പ്രദേശം സർവ്വെ നടത്തുന്നതിലേക്കായി ജില്ലാ സർവെ സൂപ്രണ്ട്, കാട്ടാക്കട തഹസിൽദാർ, ഇറിഗേഷൻ ഉദ്യോഗസ്ഥർ, ജില്ലാ ഹെഡ് സർവ്വെയർ, സർവ്വെയർമാർ എന്നിവർ അടങ്ങിയ സംയുക്ത ടീം അഞ്ചുചങ്ങല പ്രദേശത്ത് പരിശോധന നടത്തിയിട്ടുള്ളതും MFL (Maximum Flood level) മാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ MFL & FRL (Full Reservor Level) എന്നിവ ഫിക്സ് ചെയ്യുന്നത് സംബന്ധിച്ച സർവ്വേ ജോലികൾക്ക് നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായും ലഭ്യമാക്കുന്നതിന് പ്രായോഗികബുദ്ധിമുട്ടുള്ളതായി ഇറിഗേഷൻ വകുപ്പിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി. പ്രവർത്തികളിൽ പ്രാവണ്യമുള്ള ഒരു ടീം രൂപീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ അഞ്ചുചങ്ങല പ്രദേശത്തെ സർവ്വെ നടപടികൾക്കായി

3 വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, MFL & FRL എന്നിവ ഫിക്സ് ചെയ്യുന്നതിന് കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിക്കുന്നതിനും RTK മെഷീൻ ഉൾപ്പെടെ 10 സർവ്വേയർമാർ, 5 ചെയിൻമാൻമാർ എന്നിവരെ നിയമിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ലാൻറ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻറ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഞ്ചുചങ്ങല പ്രദേശത്തെ സർവ്വെ നടപടികൾക്കായി 3 വാഹനം പ്രതി ദിനം 2500/- രൂപ നിരക്കിൽ 20 ദിവസത്തേക്ക് വാടകയ്ക്ക് എടുക്കുന്നതിനും, MFL & FRL എന്നിവ ഫിക്സ് ചെയ്യുന്നതിന് കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിക്കുന്നതിനും RTK മെഷീൻ ഉൾപ്പെടെ 10 സർവ്വേയർമാർ, 5 ചെയിൻമാൻമാർ എന്നിവരെ ഈ ആവശ്യത്തിലേക്കായി മാത്രം താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 17-02-2026 16:13:17

പകർപ്പ് : റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ പി എ യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്